(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഉണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

കുന്ദമംഗലം ടൗണിൽ ഓവർ ബ്രിഡ്ജ് നിർമ്മാണം

144 [1377] ശ്രീ. യു. സി. രാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് ഒരു ഓവർ ബ്രിഡ്ജ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആന്റ് (ബി) ടി ഓവർ ബ്രിഡ്ജ് നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്ത് പുതിയാപ്പയിലുള്ള ഫിഷറീസ് ഡിസ്പെൻസറി

145 [1381] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് (ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി) ബഹു. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്ത് പുതിയാപ്പയിലുള്ള ഫിഷറീസ് പ്രൈമറി ഹെൽത്ത് സെന്ററിന് ചെലവഴിച്ച തുക യെത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ കെട്ടിടത്തിന്റെ പണി തുടങ്ങിയതെന്നാണെന്നും കെട്ടിടത്തിന്റെ പണി എന്ന് പൂർത്തിയാകുമെന്നും വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കെട്ടിടം വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് വൈദ്യുതീകരണം പൂർത്തിയാകുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ)—(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly